**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.305

04.06.2018-ൽ മറുപടിയ്ക്ക്

## കോഴിക്കോട് മെഡിക്കൽ കോളേജിന്റെ സമഗ്രവികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ. പ്രദീപ്കുമാർ** | **ശ്രീമതി. കെ.കെ.ശൈലജടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |

| | |
|---|---|
| കോഴിക്കോട് മെഡിക്കൽ കോളേജിന്റെ സമഗ്രമായ വികസനത്തിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ? | കോഴിക്കോട് മെഡിക്കൽ കോളേജിൽ, 14 കോടി രൂപ ചെലവഴിച്ച് വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പി.എം.എസ്.എസ്.വൈ പദ്ധതി പ്രകാരം അനുവദിച്ച 10 കോടി രൂപ വിനിയോഗിച്ച് 3 റ്റി. എം.ആർ.ഐ സ്കാനറും ഡ്യുവൽ സി.ടി സ്കാനറും വാങ്ങുന്നതിനുള്ള പണം കെ.എം.എസ്.സി.എല്ലിന് കൈമാറിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം മെഷീനറി & എക്യുപ്മെന്റ് ഹെഡിൽ അനുവദിച്ച 2 കോടി രൂപ വിനിയോഗിച്ച് എംബഡിംഗ് സ്റ്റേഷൻ (പത്തോളജി), വീഡിയോ എൻഡോസ്കോപ്പി സിസ്റ്റം, പോർട്ടബിൾ ഡയാലിസിസ് മെഷീൻ, കളർ ഡോപ്ളർ യു.എസ്.ജി, എച്ച്.ഡി. ക്യാമറ, ക്രയോസർജിക്കൽ യൂണിറ്റ്, എച്ച്.ഡി ലാപ്രോസ്കോപ്പി, എച്ച്.ഡി ക്യാമറ സിസ്റ്റം എന്നിവ വാങ്ങിയിട്ടുണ്ട്. കൂടാതെ വെന്റിലേറ്റർ, അനസ്തേഷ്യ മെഷീനുകളും വാങ്ങിച്ചിട്ടുണ്ട്. ഹോസ്പിറ്റലിൽ പേഷ്യന്റ് ഫ്രണ്ട്-ലി അറ്റ്മോസ്ഫിയർ സൃഷ്ടിക്കുന്നതിനുവേണ്ടി 2 കോടി രൂപയും ഹോസ്പിറ്റലുകളുടെ അറ്റകുറ്റപ്പണികൾക്കായും വില കൂടിയ ഉപകരണങ്ങളുടെ പരിപാലനത്തിനുമായി 5.5 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 13 കോടി രൂപ ചെലവഴിച്ച് പുതിയ എക്സാമിനേഷൻ ഹാൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സീവേജ് ട്രീറ്റ്മെന്റ് പ്ളാന്റ് പ്രവർത്തനക്ഷമമാക്കുകയും 8 എം.എൽ.ഡി. പ്ളാന്റ് നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഒ.പി വിഭാഗത്തിന്റെ ആധുനികവത്ക്കരണത്തിനായി ആർദ്രം പദ്ധതിയിലുൾപ്പെടുത്തി 7.5 കോടി രൂപയുടെ |

| | |
|---|---|
| | ഭരണാനുമതി നൽകി. കൂടാതെ താഴെപ്പറയുന്ന പദ്ധതികൾക്കും ഇക്കാലയളവിൽ ഭരണാനുമതി നൽകി.<br>1. റെസിഡെൻഷ്യൽ ക്വാർട്ടേഴ്സ് ഫോർ പി.ജി സ്റ്റുഡന്റ്സ്<br>2.ലക്ചർ തീയേറ്റർ കോംപ്ലക്സ്, ജറിയാട്രിക് വാർഡ്, പാരാമെഡിക്കൽ ഹോസ്റ്റൽ, ഗസറ്റഡ് ഓഫീസേഴ്സ് ഫ്ളാറ്റ്.<br>3. അഡീഷണൽ ഫ്ളോർ ഫോർ എം.എച്ച്.3 ഹോസ്റ്റൽ & പി.എം.ആർ.<br>4. മോഡേണൈസേഷൻ ഓഫ് ഡ്രഗ് സ്റ്റോർ<br>5. ഹോസ്റ്റൽ ഫോർ 250 സ്റ്റുഡന്റ്സ്<br>6.ടേർഷ്യറി ക്യാൻസർ സെന്റർ<br>7.പി.എം.എസ്.എസ്.വൈ പദ്ധതിയിൽ പുതിയ കാഷ്വാലിറ്റി ബ്ളോക്ക്. |

സെക്ഷൻ ഓഫീസർ